**കേരളസർക്കാർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

**പത്രക്കുറിപ്പ്** **'ഭരണഭാഷ-മാതൃഭാഷ'** **2017 മാർച്ച് 18 ശനി**

# കുടിവെള്ള വിതരണം: വണ്ടിയും അളവും കൂട്ടണമെന്ന് മന്ത്രി ജി. സുധാകരൻ

ആലപ്പുഴ: ഏപ്രിൽ മാസം കുടിവെള്ളം വേണ്ട എല്ലാവർക്കും എത്തിക്കുമെന്നും ഇതിനനുസൃതമായി ആവശ്യത്തിന് കിയോസ്കുകൾ നല്കുമെന്നും പൊതുമരാമത്ത് മന്ത്രി ജി. സുധാകരൻ. വരൾച്ചയ്ക്ക് മുമ്പേ നടത്തിയ അവലോകനവും തുടർനടപടികളും പരാതിയുടെ എണ്ണം കുറച്ചിട്ടുണ്ട്. ചേർത്തല താലൂക്കിൽ ജപ്പാൻ കുടിവെള്ളമെത്താത്ത പ്രദേശങ്ങളിൽ പ്രത്യേകമായി വെള്ളമെത്തിക്കാൻ നടപടി സ്വീകരിക്കും. വരൾച്ചയുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ വിളിച്ചു ചേർത്ത അവലോകനയോഗത്തിൽ ആധ്യക്ഷ്യം വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ വർഷം വരൾച്ചകാലത്ത് 8.73 കോടി രൂപയാണ് കുടിവെള്ളം നല്കിയതിന് ചെലവ്. ഇനിയും തുക കൊടുക്കാനുണ്ട്. ഈ സർക്കാർ നടന്നശേഷം 2.92 കോടി രൂപയാണ് വരൾച്ച നേരിടാനായി അനുവദിച്ചിട്ടുള്ളത്. ഇതിനു പുറമേ 10 ലക്ഷം രൂപ വരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം വരെ നഗരസഭകൾക്കും പ്ലാൻ ഫണ്ടിൽനിന്ന് ചെലവഴിക്കാൻ സർക്കാർ ഉത്തരവ് നല്കിയിട്ടുണ്ട്.

ഹരിത കേരളം പദ്ധതി നടപ്പാക്കിയപ്പോൾ ജില്ലയിലെ 20,000 കിണറുകളും കുളങ്ങളും റീ ചാർജ്ജ് ചെയ്തുവെന്നാണ് കണക്ക് നൽകിയത്. എന്നാൽ വരൾച്ച അവലോകനയോഗത്തിൽ ഇത് 2,000 മാത്രമാണ്. റീചാർജ്ജ് ചെയ്ത കുളങ്ങളുടെയും കിണറുകളുടെയും വസ്തുതപരമായ കണക്ക് ശേഖരിക്കണമെന്ന് മന്ത്രി ജലവിഭവവകുപ്പധികൃതർക്ക് നിർദ്ദേശം നല്കി. കഴിഞ്ഞ അവലോകനയോഗത്തിൽ കിണർ റീചാർജ് ചെയ്യാൻ തീരുമാനിച്ച പഞ്ചായത്തുകളിൽ പോലും കാര്യമായ പുരോഗതിയുണ്ടായില്ല. പഞ്ചായത്ത് വകുപ്പധികൃതർ നിരന്തരമായി പരിശോധന നടത്താത്തതാണ് സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ ചിലർ വീഴ്ച വരുത്തുന്നത്. ഇക്കാര്യത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രവർത്തകരെ കൂടുതലായി പ്രയോജനപ്പെടുത്തണം. ഏതെങ്കിലും വാർഡിൽ റീചാർജിങ് നടന്നില്ലെങ്കിൽ പഞ്ചായത്ത് സെക്രട്ടറിക്ക് നോട്ടീസ് നല്കി വിവരം റിപ്പോർട്ടു ചെയ്യണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

പഞ്ചായത്തുകളുടെ ആവശ്യമനുസരിച്ച് കുടിവെള്ളത്തിന്റെ അളവും വാഹനവും എണ്ണവും കൂട്ടി നല്കണം. പഞ്ചായത്തുകളിലെ ചെറിയ വഴികൾക്ക് അനുസൃത്യമായി ചെറിയ വാഹനങ്ങൾ കൂടുതൽ എടുക്കുന്നത് ഉചിതമാകും. വള്ളങ്ങളിൽ വെള്ളമെത്തിക്കുന്ന കേന്ദ്രങ്ങളിൽ വള്ള

കൂലിയും ജീവനക്കാരുടെ കൂലിയും കൂട്ടണമെന്ന ആവശ്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് ന്യായമായ തീരുമാനമെടുക്കണമെന്നും ഇക്കാര്യത്തിൽ കാലതാമസം അരുതെന്നും മന്ത്രി പറഞ്ഞു. ചിലയിടങ്ങളിൽ വള്ളം നൽകുന്നില്ലെന്ന പരാതിയിൽ വള്ളങ്ങൾ പിടിച്ചെടുത്ത് കുടിവെള്ള വിതരണം നടത്താൻ അദ്ദേഹം നിർദ്ദേശം നല്കി.

വരൾച്ച പ്രതിരോധ പ്രവർത്തനം കഴിഞ്ഞ നവംബറിൽ തന്നെ തുടങ്ങിയതായി ജില്ലാ കളക്ടർ വീണ എൻ. മാധവൻ അറിയിച്ചു. നിലവിൽ 289 കിയോസ്കുകൾ ഉള്ളതിനു പുറമേ ഈ വർഷം 289 എണ്ണത്തിനു കൂടി അനുമതി തേടിയിട്ടുണ്ട്. ഇതിൽ 100 എണ്ണത്തിന് അനുമതിയായി. വെള്ളം കൊണ്ടുപോകുന്ന വാഹനങ്ങൾ ജി.പി.എസ്. സംവിധാനമുപയോഗിച്ച് നിയന്ത്രിക്കുന്നുണ്ട്. ഓരോ താലൂക്കിലും കുടിവെള്ളവിതരണത്തിന് ഓരോ ഡെപ്യൂട്ടി കളക്ടർമാർക്ക് ചുമതല നല്കിയിട്ടുണ്ട്. പരാതികൾ അറിയിക്കാൻ കളക്ടറേറ്റിൽ കൺട്രോൾ റൂമും പ്രവർത്തിക്കുന്നുണ്ടെന്ന് കളക്ടർ പറഞ്ഞു.

നിലവിൽ കുടിവെള്ളം നല്കി വരുന്ന മേഖലകളിലെയും മറ്റു ജലസ്രോതസുകളിലെയും സ്ഥിതിഗതികൾ പഠിച്ച് ജലറേഷനിങ് ഫലപ്രദമാക്കിയ ശേഷം എല്ലായിടത്തും വെള്ളം കൂട്ടുന്നത് പരിഗണിക്കും. കിയോസ്കുകളുടെ എണ്ണം വർധിപ്പിക്കാമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. യോഗത്തിൽ എം.എൽ.എ.മാരായ എ.എം. ആരിഫ്, യു. പ്രതിഭഹരി, ആർ. രാജേഷ്, കെ.കെ. രാമചന്ദ്രൻ നായർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ, വൈസ് പ്രസിഡന്റ് ദലീമ ജോജോ, നഗരസഭാധ്യക്ഷൻ തോമസ് ജോസഫ് വിവിധ തദ്ദേശഭരണസ്ഥാപന അധികൃതർ, റവന്യൂ, ജലവിഭവ, ഇറിഗേഷൻ വകുപ്പധികൃതർ തുടങ്ങിയവർ പങ്കെടുത്തു.

(പി.എൻ.എ. 639/17)

# ആലപ്പുഴ കുടിവെള്ള പദ്ധതിയിലെ അഴിമതി അന്വേഷിക്കണം: മന്ത്രി ജി. സുധാകരൻ

ആലപ്പുഴ: ആലപ്പുഴ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് അഴിമതി നടന്നിട്ടുണ്ടെന്നും അന്വേഷിക്കണമെന്നും പൊതുമരാമത്ത് മന്ത്രി ജി. സുധാകരൻ. കളക്ടറേറ്റിൽ ചേർന്ന വരൾച്ച അവലോകനയോഗത്തിലാണ് അദ്ദേഹം പ്രമേയത്തിലൂടെ ഇക്കാര്യം ആവശ്യപ്പെട്ടത്. എം.എൽ.എ.മാരും തദ്ദേശഭരണസ്ഥാപന അധികൃതരും ഉൾപ്പെട്ട യോഗം കൈയ്യടിയോടെ ആവശ്യം അംഗീകരിച്ചു.

കുടിവെള്ള പദ്ധതിക്കായി സ്ഥാപിച്ച പൈപ്പുകൾ ഗുണനിലവാരമുള്ളതാണോയെന്ന് പരിശോധിക്കണം. തകഴിയിൽ പൈപ്പ് പൊട്ടി റോഡും പ്രദേശവും വലിയ ഗർത്തമായി മാറി. പലയിടത്തും പൈപ്പ് പൊട്ടുകയാണ്. പുതിയ പൈപ്പാണിത്. കുറഞ്ഞനിലവാരമുള്ളതാണിത്. പദ്ധതി ആരംഭിച്ചിട്ട് പത്തുവർഷത്തോളമായി. 2011ൽ തെരഞ്ഞെടുപ്പിനു മുമ്പേ പ്ലാന്റിന്റെ പണി പൂർത്തിയാക്കിയിരുന്നു. പിന്നീട് ഒമ്പതു വർഷം കഴിഞ്ഞാണ് പദ്ധതിക്ക് ജീവൻ വെച്ചത്. മികച്ച ഗുണനിലവാരത്തോടെ നിർമിച്ച പ്ലാന്റിന്റെ പേരിൽ പലരും കരാറുകാരനെ ഭീഷണിപ്പെടുത്തി വൻതുക വാങ്ങിയത് തനിക്കറിയാം.

പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ പൈപ്പിടലിൽ കടുത്ത അഴിമതിയാണ് നടന്നത്. കരാർ പിടച്ചയാൾ സബ് കരാർ നൽകിയാണ് പൈപ്പ് സ്ഥാപിച്ചത്. നല്ല പൈപ്പ് കിട്ടാതിരിന്നിട്ടാണോ മോശം പൈപ്പ് ഉപയോഗിച്ചത്. പഴയത് മാത്രമല്ല ഇപ്പോഴിടുന്നതും പൊട്ടുന്ന അവസ്ഥയാണെന്നും

ഇക്കാര്യത്തിൽ ജലവിഭവ വകുപ്പിന്റെ വ്യവസ്ഥകളിൽ സമൂലമായ മാറ്റം വേണമെന്നും അദ്ദേഹം പറഞ്ഞു.

സ്ഥാപിച്ച പുതിയ പൈപ്പ് പൊട്ടുന്നതിനെക്കുറിച്ച് സർക്കാരിന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ട് നൽകണം. എട്ടു വർഷം മുൻപ് പണിത പ്ലാന്റ് ഇത്രയും നാൾ വെറുതെ കിടക്കുകയായിരുന്നു. അടുത്തിടെയാണ് അതിലൂടെ വെള്ളം നൽകാൻ തുടങ്ങിയത്. അതോടെ പഴയതും പുതിയതുമായ പൈപ്പുകൾ പൊട്ടാനും തുടങ്ങി. അമ്പലപ്പുഴ-തിരുവല്ല സംസ്ഥാനപാത 69 കോടി രൂപ മുടക്കി പുനർനിർമിക്കുകയാണ്. പൈപ്പ് റോഡിനു നടുവിലാണ് സ്ഥാപിച്ചിട്ടുള്ളത്. നിലവിലെ സ്ഥിതിവച്ച് റോഡ് നിർമിച്ചാലും പൈപ്പ് പൊട്ടി തകരുമോയെന്നാണ് ആശങ്ക.

വരൾച്ചയുമായി ബന്ധപ്പെട്ട് 27 ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്നും അദ്ദേഹം പറഞ്ഞു.

(പി.എൻ.എ. 640/17)

**ജില്ലയിലെ എല്ലാ പൊലീസ് സ്റ്റേഷനുകളിലും ജനമൈത്രി സുരക്ഷാ പദ്ധതി**

## ജനങ്ങൾക്ക് പൊലീസ് സ്റ്റേഷനിൽ ഒറ്റയ്ക്കുപോകാനുള്ള ഭയം ഇല്ലാതാകണം: മന്ത്രി ജി. സുധാകരൻ

ആലപ്പുഴ: പൊലീസ് സ്റ്റേഷനിൽ ഒറ്റയ്ക്കുപോകാൻ ജനങ്ങളിൽ ഇപ്പോഴും ഭയം നിലനിൽക്കുന്നുണ്ടെന്നും പൊലീസിനെ കൂടുതൽ ജനകീയമാക്കി ഈ ഭയം ഇല്ലാതാക്കണമെന്നും പൊതുമരാമത്ത് വകുപ്പു മന്ത്രി ജി. സുധാകരൻ പറഞ്ഞു. എല്ലാ പൊലീസ് സ്റ്റേഷനുകളിലും ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിന്റെ ജില്ലാതല ഉദ്ഘാടനം ആലപ്പുഴ ടൗൺഹാളിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജനങ്ങൾ പൊലീസ് സ്റ്റേഷനിൽ ഒറ്റയ്ക്കുപോകുമ്പോൾ ജനപ്രതിനിധികളുടെ സഹായം ഇപ്പോഴും തേടുന്നു. ജനങ്ങളുടെ മനസിൽ പൊലീസിനെപ്പറ്റി നവീനമായൊരു സങ്കൽപം ഉണ്ടായിട്ടില്ല. ഭരണകൂടം എപ്പോഴും ക്രൗര്യം നിറഞ്ഞതാണെന്നും അടിച്ചമർത്തലാണ് പണിയെന്നും അതിനുള്ള ഉപകരണമാണ് പൊലീസെന്നും ചിന്തയുണ്ട്. ഇത് മാറണം. പൊലീസ് ഇടപെടൽ ജനകീയവും മാനവികവുമാകണം. പൊലീസ് സ്റ്റേഷനിൽ എടാ, എടീ, പോടീ, പോടാ വിളി വേണ്ട. ചീത്ത പറയുന്നതും ഭീഷണിയും പാടില്ല. പണ്ട് ഇതൊക്കെ ചെയ്തിരുന്നു. ചിലരൊക്കെ ഇപ്പോഴും ചെയ്യുന്നു. ഇത് അവസാനിക്കണം. പൊലീസിൽ വലിയ മാറ്റം വന്നിട്ടുണ്ട്. ജനമൈത്രി കേരള ഹൃദയം കീഴടക്കും.

ഭരിക്കുന്നവരുടെ പ്രത്യയശാസ്ത്രവ്യത്യാസമനുസരിച്ച് പൊലീസ് നയത്തിൽ വ്യത്യാസം വരാറുണ്ട്. തൊഴിൽ തർക്കത്തിൽ പൊലീസ് ഇടപെടേതില്ലെന്ന് ഉത്തരവിറക്കിയത് ഇ.എം.എസ്. സർക്കാരാണ്. ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുതെന്ന് പണ്ട് ആരോ എഴുതിവച്ചു. അത് ശരിയല്ല മാറ്റപ്പെടണം. ഒരു കുറ്റവാളി പോലും രക്ഷപ്പെടാൻ പാടില്ല. നിരപരാധി ശിക്ഷിക്കപ്പെടരുത്. പോസ്റ്റർ പോസ്റ്ററിനുവേണ്ടി എന്ന രീതിയിൽ അച്ചടിച്ച് കാണുന്നിടത്തെല്ലാം ഒട്ടിക്കുന്ന രീതിയുണ്ട്. കോളജുകളുടെ ഭിത്തിയിലൊക്കെ ഒട്ടിച്ചുവയ്ക്കുന്നു. പ്രൊഫഷണൽ കോളജുകളുടെ ഭിത്തിയിലൊക്കെ പോസ്റ്റർ ഒട്ടിച്ചിട്ട് എന്തുകാര്യം. പോസ്റ്റർ ഒട്ടിക്കാൻ ചൈനയിലേതു പോലെ പ്രത്യേക സ്ഥലം വേണം. ഔചിത്യവും അനൗചിത്യവും തിരിച്ചറിയണം. എറണാകുളത്ത് ഒരു കുറ്റവാളി സി.ജെ.എം. കോടതിയുടെ പ്രതിക്കൂട്ടിൽ കയറി നിന്നു. പ്രതിക്കൂട്ടിൽ കയറിനിന്നാൽ രക്ഷപ്പെടാമെന്ന് ഏതോ വക്കീലാണ് ഉപദേശിച്ചത്. പൊലീസ് അവിടെനിന്ന് പ്രതിയെ

പിടിച്ചു. സംസ്ഥാനത്തെ 99 ശതമാനം പേരും ഇതു ശരിയാണെന്ന നിലയിൽ അനുകൂലിച്ചു. ഇത് ശരിയായില്ലെന്നാണ് ചിലർ പറയുന്നത്. വക്കീലായതു കൊണ്ട് നിയമത്തിനു മുകളിലാണെന്ന് ചിലർ ധരിച്ചിട്ടുണ്ട്. ജഡ്ജി ഉള്ളപ്പോഴേ അതു കോടതിയാവൂ. ജഡ്ജി പറയാതെ ആർക്കും പ്രതിക്കൂട്ടിൽ കയറി നിൽക്കാനാവില്ല. അക്രമം നടത്തിയിട്ട് ഓടിക്കയറി നിൽക്കാനുള്ളതല്ല കോടതിയിലെ പ്രതിക്കൂട്. മോഷണം നടത്തിയിട്ട് കള്ളന്മാരെല്ലാം പ്രതിക്കൂട്ടിൽകയറി രക്ഷപ്പെടാമെന്ന് വിചാരിച്ചാലോ. വക്കീലിന്റെ വേഷമിട്ട് ആൾമാറാട്ടം നടത്തി മതിൽ ചാടിക്കടന്ന് എത്തിയതിന് പൊലീസ് പ്രത്യേക കേസെടുക്കണം. കോടതിയിൽ നിന്ന് പൊലീസ് കെട്ടിപ്പിടിച്ച് പ്രതിയെ പിടിക്കണമെന്നാണ് ചിലർ പറയുന്നത്.

പ്രായപൂർത്തിയായവർക്ക് അപകടത്തിൽച്ചാടാതിരിക്കാനുള്ള സ്വയംബോധം വേണം. ഇക്കാര്യത്തിൽ അവനവനും ഉത്തരവാദിത്തവുമു കുറ്റവാളികളെ രക്ഷിക്കാനും ഉന്നതൻമാരുണ്ട്. പരസ്യമായി റോഡിൽ ചുംബിച്ചോട്ടെ. എല്ലാവരും അങ്ങനെ ചുംബിക്കണമെന്ന് വാശിപാടില്ല. കാര്യങ്ങളെ കാണുന്നതിൽ വിവേചന ബോധം വേണം. മറൈൻ ഡ്രൈവിൽ ചുംബിക്കുന്നവരുടെ ചന്തിക്കു തല്ലാൻ ശിവസേനക്കാർ ആരാണ്. അവരെ ആദ്യംതന്നെ അറസ്റ്റ് ചെയ്യണമായിരുന്നു. സ്ത്രീകൾക്ക് രാപകൽ എവിടെയും സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യംവേണം. സമൂഹം കുത്തഴിഞ്ഞു കിടക്കുകയാണെന്നും ചിലയിടങ്ങളിൽ പോകുന്നത് അപകടമാണെന്നും സ്വയംതിരിച്ചറിയാനും ശ്രമിക്കണം. സമൂഹവും സാംസ്കാരിക ലോകവും ഉണരണം. സിനിമാ നടന് അമ്പതോ നൂറോ കോടി രൂപ കിട്ടിയിട്ട് സമൂഹത്തിന് എന്ത് കാര്യം. അത് സർക്കാരിന് കിട്ടുന്നില്ലല്ലോ. സൂപ്പർ സ്റ്റാർ എന്നൊന്നില്ല. സൂര്യനേക്കാൾ വലിയ നക്ഷത്രങ്ങളുണ്ടാവാം. നമ്മൾ സൂര്യനെ മാത്രം കാണുന്നു എന്നതുകൊണ്ട് അത് സൂപ്പർ സ്റ്റാർ ആകുന്നില്ല-മന്ത്രി പറഞ്ഞു.

ഐ.ജി. പി. വിജയൻ ആധ്യക്ഷ്യം വഹിച്ചു. ജനമൈത്രി പുസ്തക വിതരണോദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ നിർവഹിച്ചു.

നഗരസഭാംഗങ്ങളായ ഡി. ലക്ഷ്മണൻ, എ.എസ്. കവിത, ജില്ലാ പൊലീസ് മേധാവി വി.എം. മുഹമ്മദ് റഫീഖ്, ഡി.വൈ.എസ്.പി. എം.ഇ. ഷാജഹാൻ, അഡ്വ. ശിവൻ മഠത്തിൽ, പൊലീസ് അസോസിയേഷൻ പ്രതിനിധികളായ ജയകൃഷ്ണൻ, വിവേക്, ജോൺ എന്നിവർ പങ്കെടുത്തു. ഡെപ്യൂട്ടി പൊലീസ് സൂപ്ര് പി.എ. വർഗീസ് ക്ലാസെടുത്തു. സെമിനാറിൽ അഡ്വ. ശിവൻ മഠത്തിൽ മോഡറേറ്ററായി. ജില്ലാ പ്രൊബേഷൻ ഓഫീസർ ശ്രീകുമാർ, ജില്ലാ ഗവൺമെന്റ് പ്ലീഡർ സി.വി. ലുമുംബ, ജീജ, പ്രസ് ക്ലബ് സെക്രട്ടറി ജി. ഹരികൃഷ്ണൻ, അഡ്വ. വേണുഗോപാലപണിക്കർ എന്നിവർ പങ്കെടുത്തു.

(പി.എൻ.എ. 641/17)

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: വണ്ടാനം ഗവൺമെന്റ് റ്റി.ഡി. മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് ഡിസ്പോസബിൾ പ്ലാസ്റ്റിക് ഏപ്രൺ-(3800 എണ്ണം), ഡിസ്പോസബിൾ സിറിഞ്ച് 50 മില്ലി ലിറ്റർ-(1800 എണ്ണം),സ്റ്റെയിൻലെസ് സ്റ്റീൽ ഡ്രം-(10 എണ്ണം), ഡിസ്പോസബിൾ സിറിഞ്ച് 20 മില്ലി ലിറ്റർ-(5000 എണ്ണം) എന്നിവ വിതരണം ചെയ്യുന്നതിന് മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 22 പകൽ മൂന്നുമണി. അന്നേ ദിവസം പകൽ 3.30 ന് തുറക്കും. ക്വട്ടേഷനുകൾ സൂപ്രണ്ട്, മെഡിക്കൽ കോളജ് ആശുപത്രി, വണ്ടാനം, ആലപ്പുഴ-അഞ്ച് എന്ന വിലാസത്തിൽ ലഭിക്കണം.

(പി.എൻ.എ. 642/17)

# വസ്തു ലേലം

.
ആലപ്പുഴ: ചേർത്തല താലൂക്കിൽ കഞ്ഞിക്കുഴി വില്ലേജിൽ ബ്ലോക്ക് നമ്പർ 33-ൽ റീസർവ്വെ 231/13ൽപ്പെട്ട 3.10 ആർസ് വസ്തുവും 231/4ൽപ്പെട്ട 01.97 ആർസ് വസ്തുവും ഉൾപ്പടെ 05.07 ആർസ് മാർച്ച് 29ന് പകൽ 11.30 ന് കഞ്ഞിക്കുഴി വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. വിശദവിവരം ചേർത്തല താലൂക്ക് ഓഫീസിലും കഞ്ഞിക്കുഴി വില്ലേജ് ഓഫീസിലും ലഭിക്കും. ഫോൺ: 8547612209, 9447975933.

(പി.എൻ.എ. 643/17)

# ജില്ല ശിശുക്ഷേമ സമിതി അധികാരമേറ്റു

ആലപ്പുഴ: ആലപ്പുഴ ജില്ല ശിശുക്ഷേമസമിതി ഭരണസമിതി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. എട്ടംഗ ഭരണ സമിതി അധ്യക്ഷയായ ജില്ല കളക്ടർ വീണ എൻ. മാധവൻ മുമ്പാകെയാണ് സത്യപ്രതിജ്ഞ ചെയ്തത്. 2020 വരെയാണ് ഭരണ സമിതിയുടെ കാലാവധി. സമിതി വൈസ് പ്രസിഡന്റ് സി.എൻ.എൻ. നമ്പി, സെക്രട്ടറി അഡ്വ. ജലജ ചന്ദ്രൻ, ജോയിന്റ് സെക്രട്ടറി എൻ. പവിത്രൻ, ട്രഷറർ കെ.പി. പ്രതാപൻ, ഭരണസമതിയംഗങ്ങളായ കെ. നാസർ, മോളി സുഗണാനന്ദൻ, കെ.എൻ. ബിന്ദു, എ.എൻ. പുരം ശിവകുമാർ എന്നിവരാണ് ചുമതലയേറ്റവർ. കുട്ടികൾക്ക് എതിരെയുള്ള അതിക്രമം വർധിച്ചു വരുന്ന സാഹചര്യത്തിൽ സമിതി ഏറെ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ വീണ എൻ. മാധവൻ ഓർമിപ്പിച്ചു.

(പി.എൻ.എ. 644/17)

# ഫ്രെഷ് ഫിഷ് വെൻഡിങ് യൂണിറ്റ്: വനിതകൾക്ക് അപേക്ഷിക്കാം

ആലപ്പുഴ: ഫിഷറീസ് വകുപ്പിന് കീഴിൽ മത്സ്യതൊഴിലാളി വനിതകളുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്ന 'സാഫ്' വഴി പാതയോരത്ത് തലച്ചുമടായി പരമ്പരാഗതമായി മത്സ്യക്കച്ചവടം നടത്തുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ഫ്രെഷ് ഫിഷ് വെൻഡിങ് യൂണിറ്റ് തുടങ്ങുന്നതിനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ അഞ്ചു വർഷമായി പാതയോരത്ത് തലച്ചുമടായി പച്ചമത്സ്യം വിൽപ്പന നടത്തുന്നവരും ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള വരുമാകണം. രണ്ടു മത്സ്യത്തൊഴിലാളി വനിതകൾ ചേർന്നാണ് അപേക്ഷ നൽകേണ്ടത്.

അപേക്ഷകർ 30-70 നും ഇടയിൽ പ്രായമുള്ളവരും ഒരേ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ നിന്നുള്ളവരുമായിരിക്കണം. ഒരേ വീട്ടിൽ നിന്നുള്ളവരാകരുത്. ഫിഷറീസ് വകുപ്പിൽ നിന്നും ജീവനോപാധി പദ്ധതിക്കായി മുമ്പ് ധനസഹായം ലഭിക്കാത്തവരായിരിക്കണം. ഫിഷ് വെൻഡിങ് ടേബിൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കണ്ടെത്തണം. ഗുണഭോക്തൃ വിഹിതം അടയ്ക്കാനും അപേക്ഷകർ തയ്യാറാകണം. അപേക്ഷ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലും മത്സ്യഭവനുകളിലും ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 25ന് വൈകിട്ട് അഞ്ചു മണി. വിശദവിവരത്തിന് ഫോൺ: 0477-2251103.

(പി.എൻ.എ. 645/17)

# കമ്മ്യൂണിറ്റി ഓർഗനൈസർ: അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: ദേശീയ നഗരഉപജീവന മിഷൻ നടപ്പാക്കുന്ന ചേർത്തല, ഹരിപ്പാട്, കായംകുളം, ചെങ്ങന്നൂർ, മാവേലിക്കര നഗരസഭകളിലെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് കമ്മ്യൂണിറ്റി ഓർഗനൈസർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ കുടുംബശ്രീ അംഗമായ വനിതകളായിരിക്കണം. പ്ലസ്ടു, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം അധിക യോഗ്യതയായിരിക്കും. കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. സാമൂഹിക വികസനവുമായി ബന്ധപ്പെട്ട മേഖലയിൽ മൂന്നു വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. കുടുംബശ്രീ പ്രവൃത്തി പരിചയം അധിക യോഗ്യതയായിരിക്കും.

പ്രായം: മാർച്ച് ഒന്നിന് 40 വയസ് കഴിയാൻ പാടില്ല. മാസം 10,000 രൂപ ലഭിക്കും. ഒരു വർഷത്തേ ക്കാണ് നിയമനം. നഗരസഭ സി.ഡി.എസുകളിൽ നിന്നു ലഭിക്കുന്ന അപേക്ഷ ഫോറം പൂരിപ്പിച്ച് വിദ്യാഭ്യാസ യോഗ്യത, വയസ്, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മാർച്ച് 31ന് വൈകിട്ട് അഞ്ചിനകം ആലപ്പുഴ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ നൽകണം. ഏപ്രിൽ ഏഴിന് നടക്കുന്ന എഴുത്തു പരീക്ഷയുടെയും തുടർന്ന് നടക്കുന്ന അഭിമുഖ്യത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്. ഹാൾ ടിക്കറ്റുകൾ നഗരസഭ സി.ഡി.എസുകൾ മുഖേന ലഭിക്കും. വിലാസം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, ആലപ്പുഴ, വലിയകുളം പി.ഒ, ആലിശ്ശേരി. വിശദവിവരത്തിന് ഫോൺ: 0477-2254104.

(പി.എൻ.എ. 646/17)

# സർഗവസന്തം സഹവാസ ക്യാമ്പ്: അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ വിഷയങ്ങളിൽ കുട്ടികൾക്കായി അവധിക്കാലത്ത് സംസ്ഥാനതലത്തിലുള്ള സഹവാസക്യാമ്പുകൾക്ക് അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ മെയ് മാസങ്ങളിൽ കാസർഗോഡ്, വയനാട്, പാലക്കാട്, മലപ്പുറം, ഇടുക്കി, കോട്ടയം,

കൊല്ലം എന്നീ ജില്ലകളിലായി ചിത്രരചന, പരിസ്ഥിതി,നാടകം, മാധ്യമം, ശാസ്ത്രം, കഥ, കവിത എന്നീ വിഷയങ്ങളിലാണ് സംസ്ഥാനതലക്യാമ്പുകൾ. മൂന്നു ദിവസമാണ് ഓരോ ക്യാമ്പുകളുടെയും ദൈർഘ്യം. പരമാവധി 40 കുട്ടികളെ മാത്രമാണ് ഒരു ക്യാമ്പിൽ പങ്കെടുപ്പിക്കുക. പത്തിനും പതിനാറിനും ഇടയിൽ പ്രായമുള്ള (അഞ്ചാം ക്ലാസ് കഴിഞ്ഞവർ മുതൽ പത്താംക്ലാസ് പരീക്ഷയെഴുതി നിൽക്കുന്നവർ വരെ) കുട്ടികൾക്കായാണ് ക്യാമ്പുകൾ. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വെബ്സൈറ്റായ http://ksicl.org വഴി മാർച്ച് 20 മുതൽ അപേക്ഷിക്കാം. അവസാനതീയതി മാർച്ച് 31. തളിര് വായനാമത്സരവിജയികൾ, യുവജനോത്സവം ജില്ലാ/സംസ്ഥാന വിജയികൾ, ശാസ്ത്രമേള വിജയികൾ തുടങ്ങിയവർക്ക് മുൻഗണന ലഭിക്കും. ഒന്നിൽക്കൂടുതൽ ക്യാമ്പുകളിൽ പങ്കെടുക്കാനാഗ്രഹിക്കുവർ ഓരോ ക്യാമ്പിനും വെവ്വേറെ അപേക്ഷ അയക്കേണ്ടതാണ്. മറ്റു ക്യാമ്പുകളിൽ ആവശ്യത്തിനു കുട്ടികളില്ലാത്ത സാഹചര്യത്തിൽ മാത്രമേ രണ്ടാമത്തെ അപേക്ഷ പരിഗണിക്കുകയുള്ളൂ. പ്രവേശനം സൗജന്യമാണ്. വിശദവിവരത്തിന് ഫോൺ: 9847178201

(പി.എൻ.എ. 647/17)

## എടത്വാപള്ളി പെരുന്നാൾ: അവലോകന യോഗം 24ന്

ആലപ്പുഴ: എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ പള്ളിയിലെ പെരുന്നാളാഘോഷത്തോടനുബന്ധിച്ചുള്ള അവലോകന യോഗം മാർച്ച് 24ന് ഉച്ചകഴിഞ്ഞ് മൂന്നിന് എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ പള്ളിയിലെ ജോർജ്ജിയൻ പാസ്റ്ററൽ ഹാളിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കൂടും. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കണം.

(പി.എൻ.എ. 648/17)

**//അവസാനിച്ചു//**